A

705

# വാർഷിക മൂല്യനിർണയം 2016-17

ക്ലാസ്സ് : 7      സാമൂഹ്യശാസ്ത്രം      സമയം: 2 മണിക്കൂർ

## *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം

---

**പ്രവർത്തനം : 1**

- **ഡൊണാൾഡ് ട്രംപ്, 2017 ജനുവരി 20ന് യു.എസ്.എയുടെ പ്രസിഡന്റായി ചുമതലയേറ്റു. പ്രസിഡൻഷ്യൽ ഭരണ സമ്പ്രദായം നിലനിൽക്കുന്ന രാജ്യമാണ് അമേരിക്കൻ ഐക്യനാടുകൾ.**

എ) അമേരിക്കൻ പ്രസിഡൻഷ്യൽ ഭരണ സമ്പ്രദായവും ഇന്ത്യൻ പാർലമെന്ററി ഭരണസമ്പ്രദായവും എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു?

ബി) ഇന്ത്യ ഒരു പരമാധികാര ജനാധിപത്യ റിപ്പബ്ലിക് ആയി മാറിയതെന്ന്?

**പ്രവർത്തനം : 2**

- **പോർച്ചുഗലിൽ നിന്ന് കച്ചവടത്തിനായി എത്തിയ വാസ്കോഡഗാമയും സംഘവും 1498-ൽ കോഴിക്കോട് കാപ്പാട് കപ്പലിറങ്ങി.**

എ) താഴെ കൊടുത്തിരിക്കുന്നവയിൽ പോർച്ചുഗീസുകാരുടെ പ്രധാന വാണിജ്യ കേന്ദ്രമായിരുന്നത് ഏത്?

(കാരയ്ക്കൽ, സൂറത്ത്, മാഹി, ദിയു)

ബി) പോർച്ചുഗീസുകാരുമായുള്ള കേരളത്തിന്റെ കച്ചവട ബന്ധങ്ങൾ കൃഷി, നിർമിതി എന്നീ മേഖലകളിൽ ചെലുത്തിയ സ്വാധീനം വിശദീകരിക്കുക.

സി) ഇന്ത്യയിൽ കൂടുതൽ വാണിജ്യകേന്ദ്രങ്ങൾ സ്ഥാപിക്കാൻ പോർച്ചുഗീസുകാർക്ക് കഴിഞ്ഞില്ല. കാരണങ്ങൾ എന്തെല്ലാം?

**പ്രവർത്തനം : 3**

- **സ്വാമി വിവേകാനന്ദൻ കേരളത്തെ ഭ്രാന്താലയം എന്ന് വിശേഷിപ്പിച്ചിരുന്നു.**

എ) അക്കാലത്ത് കേരളത്തിലെ സാധാരണ ജനങ്ങളുടെ ഏതെല്ലാം അവകാശങ്ങളാണ് നിഷേധിക്കപ്പെട്ടിരുന്നത്?

ബി) അവകാശങ്ങൾക്ക് വേണ്ടി പോരാടിയ രണ്ട് സാമൂഹ്യപരിഷ്ക്കർത്താക്കളുടെ പേരെഴുതുക

സി) താഴെപ്പറയുന്നവയിൽ ഏതാണ് ഒരു അനാചാരമായി നിങ്ങൾ കരുതുന്നത്? ഇത് ഒരു അനാചാരമായി കണക്കാക്കുന്നതെന്തുകൊണ്ട്?

• സ്ത്രീധനം    • വിധവവിവാഹം    • സമൂഹവിവാഹം

**പ്രവർത്തനം : 4**

- **മേഘങ്ങളിലെ ജലകണികകളുടെ വലിപ്പം കൂടുമ്പോൾ അന്തരീക്ഷത്തിൽ നിൽക്കാനാകാതെ ഭൂമിയിലേക്ക് പതിക്കുന്ന പ്രക്രിയയാണ് വർഷണം.**

എ) വർഷണത്തിന്റെ മൂന്ന് രൂപങ്ങൾ ഏതെല്ലാം?

ബി) [illegible] അന്തരീക്ഷപ്രതിഭാസത്തിന്റെ കാരണമെന്ത്?

സി) മഴ അളക്കുന്ന ഉപകരണത്തിന്റെ പേരെന്ത്?

പ്രവർത്തനം : 5

- വിക്രമപുരം അയൽക്കൂട്ടത്തിന്റെ വാർഷിക യോഗത്തിൽ സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടിൽ നിന്ന് ...... സ്കൂൾവർഷാരംഭത്തിൽ 25 കുട്ടികൾക്ക് പാഠോപകരണങ്ങൾ നൽകുകയുണ്ടായി. കുട്ടികളുടെ സംഘമായ ബാലസഭ എല്ലാ ഞായറാഴ്ചകളിലും നമ്മുടെ കമ്മ്യൂണിറ്റിഹാളിൽ ഒത്തുചേരുകയും കലാ-കായികപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു. അയൽക്കൂട്ടം ദത്തെടുത്ത കുടുംബത്തിനായി നിർമ്മിക്കുന്ന വീടിന്റെ നിർമ്മാണം പുരോഗതിയിലാണ്. ബക്രീദ്, ഓണം, ക്രിസ്തുമസ് തുടങ്ങിയ വിശേഷദിവസങ്ങൾ നാം ഒന്നു ചേർന്ന് ആഘോഷിക്കുന്നതുകൊണ്ട് എല്ലാ മതങ്ങളുടെയും ആഘോഷങ്ങളെക്കുറിച്ച് എല്ലാവർക്കും കൂടുതൽ മനസിലാക്കാൻ കഴിഞ്ഞു".

എ) വ്യക്തിയെ സമൂഹത്തിലെ കഴിവുറ്റ അംഗമാക്കി മാറ്റുന്നതിൽ സമാജങ്ങൾക്ക് നിർണായക പങ്കുണ്ട്. അയൽക്കൂട്ടത്തിന്റെ വാർഷിക റിപ്പോർട്ട് വിശകലനം ചെയ്താൽ അവരുടെ ഏതെല്ലാം പ്രവർത്തനങ്ങളാണ് സാമൂഹീകരണത്തിന് സഹായകമായിട്ടുള്ളത്? വായിച്ച് കണ്ടെത്തി പട്ടികപ്പെടുത്തുക.

ബി) ഇതുപോലെ ഏറ്റെടുക്കാവുന്ന മറ്റൊരു സാമൂഹീകരണപ്രവർത്തനം നിർദേശിക്കുക.

പ്രവർത്തനം : 6

എ) ഭൂപടം പരിശോധിച്ച് ഇന്ത്യയിലൂടെ ഒഴുകുന്ന പ്രധാന നദികളെ അവയുടെ ഉത്ഭവത്തിന്റെ അടിസ്ഥാനത്തിൽ രണ്ടായി തരം തിരിച്ച് പട്ടികപ്പെടുത്തുക.

ബി) ഇതിൽ ഏതുവിഭാഗം നദികളിലാണ് വേനൽക്കാലത്തും ജലസമൃദ്ധിയുള്ളത്.

സി) ഇന്ത്യയിലെ ചില നദികളുടെ ജലസമൃദ്ധിക്കും ചില നദികളുടെ വെള്ളക്കുറവിനും എന്താണ് കാരണം? വിശദീകരിക്കുക.

